**ശ്രദ്ധ ക്ഷണിക്കൽ**

ശബരി റെയിൽ പദ്ധതി

ശ്രീ. ജോസഫ് വാഴക്കൻ: സർ, ശബരി റെയിൽവേ പദ്ധതി അനിശ്ചിതത്വത്തിലായതിനെത്തുടർന്ന് ഭൂമി വിട്ടുകൊടുക്കാൻ തയ്യാറായി പ്രതിസന്ധിയിൽ അകപ്പെട്ട എറണാകുളം, ഇടുക്കി ജില്ലയിലെ ആയിരക്കണക്കിന് പാവപ്പെട്ടവർ നേരിടുന്ന ദുരിതത്തെക്കുറിച്ചാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ഉദ്ദേശിക്കുന്നത്. ശബരി റെയിൽവേ പദ്ധതിയുമായി ബന്ധപ്പെട്ട് എറണാകുളം, ഇടുക്കി ജില്ലകളിലായി ഭൂമി വിട്ടുകൊടുക്കാൻ തയ്യാറായ ആയിരക്കണക്കിന് പാവപ്പെട്ടവരും സാധാരണക്കാരുമായ ആളുകൾ വലിയ പ്രതിസന്ധിയിലാണ്. എറണാകുളം ജില്ലയിലെ ഭൂമി ഏറ്റെടുത്ത കുറച്ചുഭാഗത്തേയ്ക്കുള്ള പണം മാത്രമാണ് ഇതുവരെയും കൊടുത്തിട്ടുള്ളത്. 4(1) വിജ്ഞാപനം പുറപ്പെടുവിച്ച മറ്റ് പ്രദേശങ്ങളിൽ ഇപ്പോൾ ഭൂമി ഏറ്റെടുക്കൽ നടപടി പകുതിവഴിയിൽ ഏതാണ്ട് ഉപേക്ഷിച്ച മട്ടാണ്. ഇടുക്കി ജില്ലയുടെ ഭാഗത്ത് അലൈൻമെന്റ് ഫിക്സ് ചെയ്ത്, ഭൂമി മാർക്ക് ചെയ്ത് മാറ്റിയിട്ടിരിക്കുകയാണ്. കോട്ടയം ജില്ലയിലാണെങ്കിൽ അലൈൻമെന്റുതന്നെ തീരുമാനിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് നിശ്ചയമില്ല. ശബരിമല എന്ന കേരളത്തിലെയും നമ്മുടെ രാജ്യത്തിലെ തന്നെയും ഏറ്റവും പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രത്തിലേയ്ക്ക് റെയിൽവേ ഗതാഗതം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയും മധ്യകേരളത്തിന്റെ വികസനം ലക്ഷ്യമിട്ടും ഏതാണ്ട് ഒന്നര പതിറ്റാണ്ടുമുമ്പ് തയ്യാറാക്കിയതാണ് ഈ പദ്ധതി. അങ്കമാലി മുതൽ കാലടിവരെയുള്ള 8 കിലോമീറ്റർ സെക്ഷന്റെ പണി ഏതാണ്ട്

പൂർത്തിയായിട്ടുണ്ട്. പെരിയാറിന് കുറുകെയുള്ള പാലം പണിയും പുരോഗമിക്കുകയാണ്. പെരുമ്പാവൂർ, കൂവപ്പടി, വേങ്ങൂർ, രായമംഗലം, അസമന്നൂർ, മൂവാറ്റുപുഴ വില്ലേജുകളിൽ ലാന്റ് അക്വിസിഷനുവേണ്ടി 4(1) നോട്ടിഫിക്കേഷൻ ഇറക്കിയെങ്കിലും റെയിൽവേ പണം നൽകാത്തതിനാൽ ഇതുവരെ ഭൂമി ഏറ്റെടുക്കൽ നടപ്പിലാക്കിയിട്ടില്ല. മൂവാറ്റുപുഴ പ്രദേശങ്ങളിലെ 4(1) നോട്ടിഫിക്കേഷൻ ഡിനോവോ ആകുകയും ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലയുടെ ഭാഗത്തും ഭൂമി ഏറ്റെടുക്കാനുള്ള നിയമ നടപടികൾ ഏതാണ്ട് പൂർത്തിയായെങ്കിലും ഒന്നും നടന്നിട്ടില്ല. എന്നാൽ നിർഭാഗ്യവശാൽ ഈ പദ്ധതിക്കുവേണ്ടി തയ്യാറാക്കിയ രൂപരേഖ കോട്ടയം ജില്ലയിൽ പലതവണ മാറ്റേണ്ടിവന്നു. എറണാകുളം ജില്ലയിൽ ആദ്യംതന്നെ അലൈൻമെന്റ് നിശ്ചയിക്കാൻ കുറച്ച് ഭൂമി ഏറ്റെടുത്ത് റെയിൽവേ ലൈൻപണി ആരംഭിക്കുകയും ചെയ്തതാണ്. ബാക്കി ഭാഗം വിജ്ഞാപനമിറക്കി ഭൂമി കൈമാറ്റവും നിർമ്മാണവും തടഞ്ഞിരിക്കുകയാണ്. ഇത് ആയിരക്കണക്കിന് ആളുകളുടെ ജീവിതത്തെയും ഉപജീവനത്തെയും ബാധിച്ചിരിക്കുകയാണ്. സ്വന്തം കിടപ്പാടം ഉൾപ്പെടെ വിട്ടുകൊടുക്കാൻ തയ്യാറായ പട്ടിണി പാവങ്ങളാണ് ഈ വല്ലാത്ത ഊരാക്കുടുക്കിൽപ്പെട്ടിരിക്കുന്നത്. കുറച്ചുകാലം മുമ്പുവരെ ഈ പദ്ധതി ഉടൻ നടപ്പിലാകുമെന്നുള്ള പ്രതീക്ഷയാണ് എല്ലാവർക്കുമുണ്ടായിരുന്നത്. പണം ഉടൻ കിട്ടുമെന്നും അവർ പ്രതീക്ഷിച്ചുകഴിഞ്ഞിരുന്നു. എന്നാൽ ഇപ്പോൾ ഇരുട്ടിൽതപ്പുകയാണ്. ഈ പദ്ധതി നടക്കുമോ; എന്ന് നടക്കും എന്നത് സംബന്ധിച്ച് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്കും റെയിൽവേയ്ക്കും ഒരു നിശ്ചയവും വ്യക്തതയുമില്ല എന്നുള്ളതാണ് സത്യം. ഭൂമി ഏറ്റെടുക്കാനായി ആരംഭിച്ച

സ്പെഷ്യൽ തഹസീൽദാരുടെ മൂവാറ്റുപുഴയിലുള്ള ആഫീസ് കഴിഞ്ഞ വർഷം അടച്ചുപൂട്ടി. ഈ വിഷയം ബന്ധപ്പെട്ടവർ വളരെ ലാഘവത്തോടെ കൈകാര്യം ചെയ്യുകയാണോ എന്നാണ് ഞങ്ങളുടെ സംശയം. നമ്മുടെ സംസ്ഥാനത്ത് നിരവധി വികസനപ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. എന്നാൽ റെയിൽവേയുമായി ഒരു ധാരണയിലെത്തി ശബരി റെയിൽവേ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ എന്തെങ്കിലും നടപടികൾ നടക്കുന്നുണ്ടോ എന്നറിയുവാൻ ആഗ്രഹമുണ്ട്. ഭൂമി കൈമാറ്റം ചെയ്യാനോ പുതിയ നിർമ്മാണം നടത്താനോ ചോർന്നൊലിക്കുന്ന കിടപ്പാടം നന്നാക്കാൻപോലും കഴിയാതെ ഈ ദുരിതം എന്ന് അവസാനിക്കുമെന്ന് ഭരണാധികാരികളിൽ നിന്നുപോലും വ്യക്തമായ ഉത്തരം ലഭിക്കാതെ ജീവിതം വഴിമുട്ടിനിൽക്കുന്ന പാവപ്പെട്ടവരെ രക്ഷിക്കണം. ഇത് നടപ്പിലാക്കുന്നില്ലെങ്കിൽ അത് തുറന്നുപറഞ്ഞ് ഞങ്ങളെ രക്ഷിക്കണമെന്നാണ് അവർ പറയുന്നത്. അതല്ലെങ്കിൽ ഉടനടി ഇത് ആരംഭിക്കണം, അതിനുവേണ്ടിയുള്ള നടപടികളുണ്ടാകണം. ജനങ്ങളുടെ ക്ഷമ ഒരുപാട് പരീക്ഷിക്കാൻ കഴിയാത്ത ഒരു അവസ്ഥയാണുള്ളത്. ഞങ്ങൾ, ജനപ്രതിനിധികളായ നാലഞ്ചുപേർ ഈ മേഖലയിൽ വന്നുപെട്ടിരിക്കുകയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ അടിയന്തര ശ്രദ്ധയുണ്ടാകണം. ഇക്കാര്യം സർക്കാരിന്റെ അജണ്ടയിൽ ഒരു മുഖ്യ ഇനമായി എടുക്കണമെന്നാണ് ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത്. കാരണം, കൊച്ചി മെട്രോയ്ക്കും മോണോ റെയിലിനുമൊക്കെ കൊടുക്കുന്ന പ്രാധാന്യം, അതിനേക്കാൾ വളരെ മുമ്പ് ആലോചിച്ച് കൊണ്ടുവന്ന ഈ ശബരി റെയിൽവേയ്ക്ക് നമ്മുടെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് ഞങ്ങളുടെ അഭ്യർത്ഥന. ഇക്കാര്യത്തിൽ ഒരു പാക്കേജ് കേന്ദ്ര സർക്കാരുമായും റെയിൽവേയുമായും

ഉണ്ടാക്കി ഏതെങ്കിലുംതരത്തിൽ ഇത് പൂർത്തിയാക്കണം. ഒന്നാമതായി ഈ പദ്ധതി പൂർത്തിയാക്കണം, രണ്ടാമതായി ജനങ്ങൾ ഇതിന്റെപേരിൽ കഷ്ടപ്പെടുകയാണ്. വളരെ പാവപ്പെട്ട ആളുകളുടെ ഭൂമിയാണ് ഇതിനു വേണ്ടി മാർക്ക്ചെയ്ത് മാറ്റിയിട്ടിരിക്കുന്നത്. അവർക്ക് ഇപ്പോൾ ഒന്നും ചെയ്യാൻ കഴിയുന്നില്ല. അവരുടെ വീടുകൾ കെട്ടിമേയാൻപോലും കഴിയുന്നില്ല. ഈ ഒരു അവസ്ഥയിൽ നിന്നും ഈ ജനതയേയും ഈ പദ്ധതിയേയും രക്ഷിക്കണമെന്നതാണ് എനിക്ക് ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യങ്ങൾ പലതും ശരിയാണ്. ഇത് 1997-1998–ൽ കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ വന്ന പദ്ധതിയാണ്. അന്ന് ഈ പദ്ധതിക്കുവേണ്ടി 517 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. പിന്നീട് വന്ന എസ്റ്റിമേറ്റ് അനുസരിച്ച് അത് ഏകദേശം 1568 കോടി രൂപയായി. ഇതിന്റെ അലൈൻമെന്റിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, എറണാകുളം ജില്ലയിൽ ഏകദേശം 17 വില്ലേജുകളിൽ അലൈൻമെന്റ് നടത്തേണ്ടതായിട്ടുണ്ട്. അതിൽ ഏകദേശമൊക്കെ ശരിയായിക്കഴിഞ്ഞു. കുറെ സ്ഥലമെടുത്തു. അതിന് കുറെ പണം കൊടുത്തുകഴിഞ്ഞു. എറണാകുളത്ത് കുറച്ച് ഭൂമി ഏറ്റെടുത്ത സ്ഥലത്തുതന്നെ റെയിൽവേ ഇനിയും പണം കൊടുക്കാൻ ബാക്കിയാണ്. ഇതിന്റെ പല പ്രവൃത്തികളും നടന്നുകഴിഞ്ഞു, പക്ഷേ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. അലൈൻമെന്റിനെ സംബന്ധിച്ചിടത്തോളം ഇടുക്കിയിലും

കോട്ടയത്തും തർക്കങ്ങളുണ്ടായിരുന്നു. ആ തർക്കങ്ങൾ പരിഹരിക്കുന്നതിനായി 11.02.2014-ൽ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥന്മാരെയും റെയിൽവേക്കാരെയും വിളിച്ച് മുഖ്യമന്ത്രിയുടെ ആഭിമുഖ്യത്തിൽ രണ്ടുമൂന്ന് കോൺഫറൻസ് നടത്തി ചർച്ച ചെയ്തതിനുശേഷം അവസാനം അലൈൻമെന്റിനെ സംബന്ധിച്ചുള്ള ഒരു തീരുമാനമെടുത്തിട്ടുണ്ട്.

സർ, ഇപ്പോൾ സ്ഥലത്തിന്റെ കാര്യത്തിലുള്ള തർക്കം ഏകദേശം തീർന്നുകഴിഞ്ഞു. പിന്നെ, ഇടുക്കിയിലായിരുന്നു കുറച്ച് ഒബ്ജക്ഷനുണ്ടായിരുന്നത്. അതും ഏകദേശമൊക്കെ ശരിയായിട്ടുണ്ട്. എന്നാൽ, ഒരു കാര്യം ഇതിനിടയിൽ സംഭവിച്ചു. ഇതിന്റെ കുറേ വർക്കുകളൊക്കെ അവർ ചെയ്തുകഴിഞ്ഞുവെന്ന് മാത്രമല്ല, വർക്ക് ചെയ്തുകഴിഞ്ഞപ്പോൾ ഫണ്ടിന്റെ അഭാവമാണ് ഇതിനേറ്റവും പ്രയാസമുള്ളത്. ഈ കാര്യത്തെക്കുറിച്ച് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽത്തന്നെ ഡൽഹിയിൽപ്പോയി പ്രധാനമന്ത്രിയെക്കണ്ട് നിവേദനം കൊടുത്തിട്ടുണ്ട്. അതിനിടയ്ക്കുവന്ന ഒരു പ്രശ്നം, ഇതിന്റെ 50 ശതമാനത്തിന് കേരളാ ഗവൺമെന്റ് ബഡ്ജറ്ററി സപ്പോർട്ട് കൊടുക്കണമെന്ന സ്റ്റാന്റാണ് റെയിൽവേക്കാർ എടുത്തത്. റെയിൽവേ സ്റ്റേഷന്റെ കുറേപണികൾ നടത്തിക്കഴിഞ്ഞു, ലൈനിട്ട് കഴിഞ്ഞു. അങ്ങനെ കുറേ കാര്യങ്ങൾ ചെയ്തു. ഇതൊരു ഓൺ ഗോയിംഗ് പ്രോജക്ടാണ്. അതുകൊണ്ട് യാതൊരു കാരണവശാലും ഇതിന് ഈ രൂപത്തിലുള്ളൊരു കണ്ടീഷൻ ഈ സന്ദർഭത്തിൽ വയ്ക്കുന്നത് ശരിയല്ലായെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഞാനും റെയിൽവേ വകുപ്പുമന്ത്രിയെ നേരിട്ടു കണ്ട്, ഇതിൽനിന്ന് ഒഴിവാക്കിത്തരണം, ഇത് ഞങ്ങൾക്ക് സാമ്പത്തികമായി

വളരെ പ്രയാസമുണ്ടാക്കുന്നതാണ്, ഏകദേശം 900 കോടിയോളം രൂപ ഇതിനുവേണ്ടി കേരള ഗവൺമെന്റ് ചെലവഴിക്കേണ്ടിവരും, അതിനുള്ള സാമ്പത്തിക സ്ഥിതി ഗവൺമെന്റിനില്ല, ഇത് ഓൺ ഗോയിംഗ് സ്കീമാണ്, ആ ഓൺ ഗോയിംഗ് സ്കീമിന് ഇതുപോലെയുള്ള നിബന്ധനകൾ കൊണ്ടുവരുന്നത് ശരിയല്ലായെന്ന് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി നിവേദനം കൊടുത്തുകഴിഞ്ഞു. ഏതായാലും ഒരു കാര്യം ഞാൻ പറയുന്നു, യാതൊരു കാരണവശാലും ഈ പദ്ധതിക്ക് തടസ്സമുണ്ടാക്കാൻ കേരള ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. പക്ഷേ റെയിൽവേ ഈ പറയുന്ന നിബന്ധന അംഗീകരിക്കാൻ വലിയ പ്രയാസം ഈ സന്ദർഭത്തിൽ കേരളാ ഗവൺമെന്റിനുണ്ടെന്ന് മാത്രമല്ല, അതൊട്ടുംതന്നെ ന്യായമാണെന്ന് ഈ ഗവൺമെന്റ് വിശ്വസിക്കുന്നുമില്ല. കാരണം ഓൺ ഗോയിംഗ് പദ്ധതിക്ക് റിട്രോസ്പെക്ടീവ് ഇഫക്ടായി ഒരു നിബന്ധന കൊണ്ടുവരുന്നത് ഒരിക്കലും ശരിയല്ല. അതുകൊണ്ട് ഈ പദ്ധതി വളരെ ആവശ്യമുള്ള പദ്ധതിയാണ്. ആ പദ്ധതി നടപ്പാക്കാനുള്ള എല്ലാവിധ ശ്രമങ്ങളും ഈ ഗവൺമെന്റ് ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഈ ഗവൺമെന്റ് ഇനിയും കേന്ദ്ര ഗവൺമെന്റിന്റെ ശ്യദ്ധയിൽ ഈ കാര്യം കൊണ്ടുവരും. ഇപ്പോൾത്തന്നെ കൊണ്ടുവന്നിട്ടുണ്ടെന്നുള്ള കാര്യംകൂടി ഞാൻ അറിയിക്കുകയാണ്.

ശ്രീ. ജോസഫ് വാഴക്കൻ: സർ, ജനങ്ങൾക്കുള്ള വിശ്വാസം ഇക്കാര്യത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. നമ്മൾ ഇത് ചെയ്യുമെന്ന് പറഞ്ഞാലും അവരെ സംബന്ധിച്ചിടത്തോളം കാര്യം നടക്കുന്നില്ല. അവർക്ക് ഇക്കാര്യത്തിലൊരു തീരുമാനമാണ് ആവശ്യം. ഇത് ഇപ്പോൾ കേന്ദ്രം നടത്തുമോ റെയിൽവേ നടത്തുമോയെന്നുള്ളതിനെക്കുറിച്ച് അവർക്ക്

അറിയേണ്ട കാര്യമില്ല. അക്വിസിഷന് ഭൂമിയുടെ വില വളരെ കൂടുതലായിട്ടുണ്ട്, ഒറിജിനൽ എസ്റ്റിമേറ്റിൽനിന്നും ഭൂമിയുടെ അക്വിസിഷനുമായി ബന്ധപ്പെട്ട് വളരെ കൂടുതൽ തുക ഇപ്പോൾ വന്നിട്ടുണ്ട് എന്നിങ്ങനെയൊക്കെയുള്ള പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. എന്തായാലും കേന്ദ്ര ഗവൺമെന്റിനെക്കൊണ്ടോ റെയിൽവേയെക്കൊണ്ടോ അംഗീകരിപ്പിക്കുമെങ്കിൽ അത്രയും നല്ല കാര്യം. നമുക്ക് അതിൽ യാതൊരു വിരോധവുമില്ല. അതിൽ സന്തോഷം മാത്രമേയുള്ളൂ. നാഷണൽ ഹൈവേയുടെ കൊല്ലം ബൈപ്പാസ്, ആലപ്പുഴ ബൈപ്പാസ്, മെട്രോ റെയിൽവെ, മോണോ റെയിൽവേ എന്നിവയ്ക്കൊക്കെ കേരള സംസ്ഥാനവും പങ്കാളികളായിട്ടുണ്ട്. ഇത് അതിനേക്കാൾ പ്രധാനപ്പെട്ട ഒരു പദ്ധതിയാണ്. അതിനൊക്കെ പങ്കാളിയാകാമെന്നുണ്ടെങ്കിൽ ഈ കാര്യത്തിൽക്കൂടി പങ്കാളിയായിട്ടാണെങ്കിലും....... പങ്കാളിയാകണമെന്ന് പറയുന്നില്ല. സംസ്ഥാനത്തിന്റെ പണം ഇതിനുവേണ്ടി മുടക്കണമെന്നും പറയുന്നില്ല. പക്ഷേ നിവർത്തിയില്ലായെങ്കിൽ അങ്ങനെയെങ്കിലും ഈ കാര്യം ആലോചിക്കാൻ തയ്യാറാണോയെന്നാണ് അറിയേണ്ടത്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, അതിനെക്കുറിച്ച് പരിശോധിച്ച് മാത്രമേ ഗവൺമെന്റിന് പറയാൻ സാധിക്കുകയുള്ളൂ. ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതി എല്ലാവർക്കും അറിയാം. പെട്ടെന്ന് 900 കോടി രൂപയുടെ ബാധ്യത ഏറ്റെടുക്കാൻ ഗവൺമെന്റിന് കഴിയുമോയെന്ന് പരിശോധിച്ചാൽ അല്ലാതെ പറയാൻ കഴിയില്ല.

## നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്തെ കരാർ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന കരാറുകാർ പണിമുടക്കിലാണ്. അവർ പണിമുടക്കിയാൽ കേരളത്തിലെ വികസന പ്രവർത്തനങ്ങളാണ് സ്തംഭിക്കുന്നത്. ഇന്നലെയും അവരുടെ നേതൃത്വത്തിൽ ഇവിടെ വലിയൊരു പ്രക്ഷോഭം നടക്കുകയുണ്ടായി. അത് ഉദ്ഘാടനം ചെയ്യേണ്ടിയിരുന്നത് ഇപ്പോൾ ചെയറിലിരിക്കുന്ന ബഹുമാനപ്പെട്ട കെ. മുരളീധരനാണ്. അദ്ദേഹമാണ് യഥാർത്ഥത്തിൽ ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കേണ്ടത്. അതുകൊണ്ട് അങ്ങേയ്ക്കുംകൂടിയാണ് ഇത് ഇവിടെ അവതരിപ്പിക്കുന്നത്.

മി. ചെയർമാൻ: സഭയിലെ എല്ലാ അംഗങ്ങളും ഈ വിഷയത്തിനോട് യോജിച്ചിട്ടുള്ളതാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അതിൽ വളരെ സന്തോഷമുണ്ട്. കഴിഞ്ഞ ആഗസ്റ്റ് മാസം മുതൽ നാളിതുവരെയായി അവർക്ക് കിട്ടേണ്ടിയിരുന്ന പണം കിട്ടുന്നില്ലായെന്നാണ് അവർ പറയുന്നത്. അങ്ങനെ കിട്ടാത്തതുകൊണ്ട് ഇപ്പോൾ അവർ ടെൻഡർ നടപടിയുമായി സഹകരിക്കുന്നില്ല. ടെൻഡർ നടപടിയുമായി സഹകരിക്കാത്തതുകൊണ്ട് ഇവിടെ ചെയർതന്നെ അഭിപ്രായപ്രകടനം നടത്തിയതുപോലെ 140 അസംബ്ലി മണ്ഡലങ്ങളിലുമുള്ള വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുകയാണ്. ഇത് എം.എൽ.എ.–മാരെ സംബന്ധിച്ചിടത്തോളവും നാടിനെ സംബന്ധിച്ചിടത്തോളവും വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇത് പറയുമ്പോൾ വളരെ നല്ല നിലയിലുള്ള ഉത്തരം മന്ത്രി എനിക്ക് നൽകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ ഇതുപോലെ 1400 കോടി രൂപ കുടിശ്ശിക

യുണ്ടായിരുന്നു. ആദ്യവർഷംതന്നെ ആ കുടിശ്ശിക കൊടുത്ത് തീർക്കാൻ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിക്കും ധനകാര്യ മാനേജുമെന്റിനും കഴിയുകയുണ്ടായി. അങ്ങനെ സാധിച്ചതുകൊണ്ട് സ്റ്റേറ്റിന് വലിയ ലാഭമുണ്ടായി. അതുവരെ 40 ശതമാനവും 45 ശതമാനവും 60 ശതമാനവും above ആയി ടെൻഡർ വച്ചിരുന്ന കരാറുകാർ അഞ്ചുശതമാനം മുതൽ 15 ശതമാനംവരെ below ആയി കരാറെടുക്കാൻ തയ്യാറായി മുന്നോട്ടുവന്നു. അങ്ങനെ വരുമ്പോൾ നമ്മുടെ കൈവശമുള്ള കാശ് കൂടുതൽ വികസന പ്രവർത്തങ്ങൾക്ക് ഉപയോഗിക്കാൻ കഴിയും. അങ്ങനെയൊരു നല്ല കാലമുണ്ടായിരുന്നതുകൊണ്ട് ധാരാളം വികസന പ്രവർത്തനങ്ങൾ നമ്മുടെ രാജ്യത്ത് നടന്നുവെന്ന വസ്തുത താങ്കൾ വിസ്മരിക്കുകയില്ലെന്ന് ഞാൻ കരുതുന്നു. ഈ സ്ഥിതിഗതികൾ ഇന്ന് പാടേ അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. മികച്ച ധനകാര്യ മാനേജുമെന്റാണ് ഇവിടെ നടക്കുന്നതെന്നും ഇവിടെ സാമ്പത്തിക പ്രതിസന്ധിയൊന്നുമില്ലായെന്നാണ് മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ആവർത്തിച്ചാവർത്തിച്ച് പ്രഖ്യാപിക്കുന്നത്. സാധാരണഗതിയിലുള്ള കാര്യങ്ങൾമാത്രമേ ഇവിടെയുള്ളൂവെന്നാണ് പറയുന്നത്. അങ്ങനെയാകണമെന്നാണ് ഞങ്ങളുടെയും ആഗ്രഹം. പക്ഷേ എന്നിട്ടും എന്തുകൊണ്ടാണ് ഈ കുടിശ്ശിക കൊടുത്തുതീർക്കാനോ ആ മേഖലയിലെ വികസന പ്രവർത്തനങ്ങൾ നടത്താനോ കഴിയാതെ പോകുന്നത്? ഇന്നലെ ഈ സഭയിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട ചർച്ചകളായിരുന്നു നടന്നത്. മന്ത്രി ഇപ്പോൾ ഇവിടെയില്ല. നേരത്തെ ഇവിടെയുണ്ടായിരുന്നു. അദ്ദേഹം എന്താണ് പറഞ്ഞത്? ഈ മേഖലയിലെ സ്ഥിതി ആശങ്കാകുലമാണ് എന്നുതന്നെയാണ്. അദ്ദേഹത്തിന്റെ കണക്ക് പ്രകാരം 1456 കോടി രൂപയാണ് കൊടുക്കാനുള്ളത്.

റോഡ്, പാലം, കെട്ടിടം എന്നീ ഇനങ്ങളിൽ മാത്രമാണത്. ബാക്കിയുള്ള മേഖലകളിലും കൊടുത്തുതീർക്കാനുണ്ടെന്ന് നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ. അങ്ങനെ വരുമ്പോൾ അത് 2,400, 2,600 കോടി രൂപയിലധികം വരും. ഇതാണ് ഒരു വശത്തെ സ്ഥിതിയെങ്കിൽ, ഇതിനകത്ത് എന്തെങ്കിലുമൊരു കുതന്ത്രം ഗവൺമെന്റ് പ്രയോഗിക്കുന്നുണ്ടോയെന്ന് എനിക്ക് തോന്നുകയാണ്. ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതി പരിതാപകരമാംവണ്ണം താഴോട്ട് പോകുമ്പോൾ പണം ചെലവഴിക്കപ്പെടാതിരിക്കാൻ ഒരു തന്ത്രം പ്രയോഗിക്കാൻ കഴിയും. ബില്ലുകൾ കൊടുക്കാതിരിക്കുക, ട്രഷറി ബാൻ ഏർപ്പെടുത്തുക തുടങ്ങിയ നടപടികൾ. ട്രഷറി ബാൻ ഏർപ്പെടുത്തിയിട്ടില്ലായെന്ന് മന്ത്രി മറുപടി പറയുമായിരിക്കും. എം.എൽ.എ.-മാരുടെ ആസ്തി വികസനഫണ്ടുമായി ബന്ധപ്പെട്ട് 700 കോടി രൂപയ്ക്കുള്ള വർക്കുകൾക്കാണ് കഴിഞ്ഞ തവണ എ.എസ്. കൊടുത്തത്. എ.എസ്. കൊടുത്തതിനുശേഷം സ്പെഷ്യൽ എ.എസ്. എന്നൊരു പുതിയൊരു അഭ്യാസം വന്നിട്ടുണ്ട്. എ. എസ്. കൊടുക്കുക എന്നുപറഞ്ഞാൽ സാമ്പത്തികമായ ഭരണാനുമതി നൽകുക എന്നതുതന്നെയല്ലേ; അത് കൊടുത്തുകഴിഞ്ഞാൽ പിന്നെയുള്ള നടപടി ടെക്നിക്കൽ സാങ്ഷനാണ്. അത് ഡിപ്പാർട്ടുമെന്റാണ് ചെയ്യേണ്ടത്. അത് ഇപ്പോൾ അടുത്ത കാലത്ത് ഏൽപ്പിച്ചതാണ്. അങ്ങനെ ഉണ്ടെങ്കിൽ പറയട്ടെ. എന്റെ അഭിപ്രായമാണ് ഞാൻ പറഞ്ഞത്. സ്പെഷ്യൽ സാങ്ഷൻ എന്നുപറയുന്ന ഏർപ്പാട് ഇപ്പോൾ അടിച്ചേൽപ്പിച്ചിട്ടുള്ളതാണെന്ന് ഞാൻ ആക്ഷേപിക്കുന്നു. തെറ്റാണെങ്കിൽ തിരുത്താം. ഞാൻ എന്റെ ആക്ഷേപം ഇവിടെ ഉന്നയിക്കുകയാണ്. എന്റെ ആക്ഷേപം ശരിയല്ലെങ്കിൽ ഗവൺമെന്റിന് അത് വിശദീകരിച്ച് എന്നെ ബോധ്യപ്പെടുത്താമല്ലോ. എന്റെ അറിവുവച്ചല്ലേ

ഞാൻ പറയുന്നത്. അതിൽ ആരും അസ്വസ്ഥത പ്രകടിപ്പിക്കേണ്ടതില്ല. മിനിസ്റ്റർ മറുപടി പറയുമ്പോൾ അത് കറക്ട് ചെയ്യട്ടെ.

അങ്ങനെ വന്നതുകൊണ്ട്... എല്ലാവരുടെയും അനുഭവം ഇതാണ്. കഴിഞ്ഞ തവണ എ.എസ്. കിട്ടിയ പ്രവർത്തനങ്ങളിൽ എത്രയെണ്ണം ടെണ്ടർ ചെയ്തു; ടെണ്ടർ ചെയ്തതിനുശേഷം എത്രയെണ്ണം കരാറുകാരുമായി എഗ്രിമെന്റ് ഒപ്പുവച്ചു; എത്രയെണ്ണത്തിന്റെ പ്രവർത്തനം നടന്നു; അതാണ് നോക്കേണ്ടത്. കാലതാമസംകൊണ്ട്, ഞാൻ എന്റെ അനുഭവം തന്നെപറയാം. ഈ ആസ്തി വികസന ഫണ്ട് അനുവദിച്ച ആദ്യവർഷം ഞാൻ കൊടുത്ത ഒരു റോഡിന്റെ ടെണ്ടർ നടപടികൾ ഇനിയും പൂർത്തിയായിട്ടില്ല. മൂന്നു തവണയാണ് മാറ്റിവയ്ക്കുന്നത്. പരിഷ്ക്കാരംകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. ഒരിക്കൽ എസ്റ്റിമേറ്റിന്റെ ഡേറ്റ് മാറി; പിന്നീട് സെൻട്രൽ പി.ഡബ്ല്യൂ.ഡി. വേണമെന്നായി; പിന്നെ തിരിച്ച് വീണ്ടും അത് വേണ്ട എന്നായി; ഇങ്ങനെ അഞ്ചോ എട്ടോ ഉത്തരവുകളാണല്ലോ ഈ ഒരൊറ്റ വിഷയത്തിൽ മാത്രം നമ്മുടെ സംസ്ഥാന ഗവൺമെന്റ് മാറിമാറി പുറപ്പെടുവിച്ചിട്ടുള്ളത്? ഏറ്റവും ഒടുവിൽ വന്നിട്ടുള്ളതെന്താണ്? എം.എൽ.എ.മാർക്ക് എല്ലാവർക്കും ആ കോപ്പി കിട്ടിയിട്ടുണ്ടാവും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ച വർക്കുകൾ അവരാണ് ചെയ്യേണ്ടത്. അതിൽ അഭിപ്രായവ്യത്യാസമൊന്നുമില്ല. എന്നാൽ 50 ലക്ഷവും 60 ലക്ഷവും ഒരു കോടിയുമൊക്കെ വരുന്ന വർക്കുകൾ അവർക്കങ്ങനെ ചെയ്യാൻ കഴിയാത്തതാണ്. ഇതൊന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചെയ്യാൻ സാധിക്കില്ല. അങ്ങനെ വരുമ്പോൾ അത് പി.ഡബ്ല്യൂ.ഡി.-യെ ഒരു റെസല്യൂഷൻ മുഖേന ഏൽപ്പിക്കാമെന്നാണ് ഉത്തര

വിൽ പറയുന്നത്. അങ്ങനെ ഏൽപ്പിക്കുന്നതിനും വിരോധമില്ല. അടുത്ത വാചകമാണ് .....

<u>മി. ചെയർമാൻ</u> : ശ്രീ. എ.കെ. ശശീന്ദ്രൻ, അങ്ങ് ഏഴ് മിനിട്ട് എടുത്തു. ദയവായി നിർത്തുക. അങ്ങ് പ്രധാന പോയിന്റ്സ് എല്ലാം പറഞ്ഞുകഴിഞ്ഞു.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : സർ, ഞാൻ നിർത്തുകയാണ്. അടുത്ത വാചകം, അത് ഡെപ്പോസിറ്റ് വർക്കായി ചെയ്യാമെന്നാണ്. ഒരു ഗ്രാമപഞ്ചായത്തിൽ വരുന്ന ഒരു ആയുർവ്വേദ ആശുപത്രി ഉണ്ടാക്കുന്നതിനുവേണ്ടി ഞാൻ പണം കൊടുത്തിട്ടുണ്ട്. ആ ജോലി ഗ്രാമപഞ്ചായത്തിന് ചെയ്യാൻ സാധിക്കില്ല. പൊതുമരാമത്ത് വകുപ്പിന്റെ ബിൽഡിംഗ് ഡിവിഷനുമാത്രമേ അത് ചെയ്യാൻ കഴിയുകയുള്ളു. അങ്ങനെ വരുമ്പോൾ അത് പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനം ഡെപ്പോസിറ്റ് ചെയ്യണം എന്നുപറഞ്ഞാൽ ഗ്രാമപഞ്ചായത്ത് എവിടെനിന്നാണ് 65 ലക്ഷം രൂപ ഉണ്ടാക്കുക; എങ്ങനെയാണ് ഡെപ്പോസിറ്റ് ചെയ്യുക? ഫലത്തിൽ വികസന പ്രവർത്തനങ്ങൾ നടക്കാതെ, പണം ചെലവഴിക്കാനാകാതെ, ഇവിടെ സാമ്പത്തിക പ്രതിസന്ധിയില്ല എന്നുവരുത്തിത്തീർക്കാനുള്ള ഒരു വളഞ്ഞവഴിയായികൂടി ഈ നിർദ്ദേശത്തെ ഞാൻ കാണുകയാണ്. ഡെപ്പോസിറ്റ് വർക്ക് വരുമ്പോൾ ആരു പണം കൊടുക്കും; എങ്ങനെയാണ് പണം ഉണ്ടാകുക; അഡ്വാൻസായി എം.എൽ.എ.-ക്ക് പണം നൽകുമോ? അങ്ങനെ അഡ്വാൻസായി എം.എൽ.എ.-മാർക്ക് പണം തരുമെങ്കിൽ ശരിയാണ്. അപ്പോൾ ആ വക കാര്യങ്ങളിൽ ഒരു വ്യക്തതയുണ്ടാകണം. ഇവിടെ ഫലത്തിൽ നിർമ്മാണ മേഖലയിലും പൊതുമരാമത്ത് മേഖലയിലും ഉണ്ടായിട്ടുള്ള സ്തംഭനാവസ്ഥക്ക് പരിഹാരമുണ്ടാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഞങ്ങൾ തന്ത്രങ്ങൾ ആവിഷ്ക്കരിക്കാറുണ്ട്. പക്ഷേ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കുതന്ത്രങ്ങൾ ഒരിക്കലും ആവിഷ്ക്കരിക്കുന്നത് ഈ ഗവൺമെന്റിന്റെ നയമല്ല. ഇവിടെ 1425 കോടി രൂപ ഇപ്പോൾ കുടിശ്ശികയുണ്ട്. പൊതുമരാമത്ത് നിരത്തുകൾ, റോഡുകൾക്കായി 1081, പൊതുമരാമത്ത് കെട്ടിടങ്ങൾക്ക്-300, ജലവിഭവവകുപ്പ് -44 അങ്ങനെ 1425 കോടി രൂപ കുടിശ്ശികയുണ്ട്. ഇതിൽ ഓഗസ്റ്റ് 31-ാം തീയതി വരെയുള്ള കുടിശ്ശിക തീർത്തു. സെപ്റ്റംബർ മാസത്തിലെ കുടിശ്ശിക ഈ മാസം തന്നെ കൊടുക്കും. ബാക്കി കുടിശ്ശികകളൊക്കെ ഘട്ടംഘട്ടമായി തീർക്കുന്നതാണ്. ഇതിൽ വന്നിരിക്കുന്ന പിശകെന്നുപറയുന്നത്, കഴിഞ്ഞ മൂന്നു വർഷക്കാലത്തെ കണക്കുകൾ എടുത്തുനോക്കുകയാണെങ്കിൽ ബഡ്ജറ്റിൽ പ്രൊവൈഡ് ചെയ്തത് 3397 കോടി രൂപയാണ്, എന്നാൽ എക്സ്പെന്റീച്ചർ 4691 കോടി രൂപയാണ്. അത് over and above the budget ആണ്. ബഡ്ജറ്റിനുപരി 2294 കോടി രൂപ ചെലവഴിച്ചു. അപ്പോൾ ബഡ്ജറ്റിനുപരി 2294 കോടി രൂപ ചെലവഴിക്കുമ്പോൾ സ്വാഭാവികമായി കുടിശ്ശിക വരും. അല്ലാതെ അത് നമ്മുടെ ആരുടെയും കുഴപ്പമല്ല. മിസ്മാനേജുമെന്റോ, മാനേജുമെന്റിൽവന്ന നോട്ടക്കുറവോ പിടിപ്പുക്കേടോ ഒന്നുമല്ല അതിനുള്ള കാരണം, എക്സ്പെന്റീച്ചർ കൂടിയതുകൊണ്ട് വന്നതാണ്. എന്തായാലും അത് ഘട്ടംഘട്ടമായി തീർക്കാമെന്നാണ് എനിക്ക് പറയാനുള്ളത്. അതിലൊരു വിഷമവുമില്ല. ബഹുമാനപ്പെട്ട മെമ്പർ പഴയകാലത്തെ നല്ല അനുഭവവുംമറ്റും

വലിയ രീതിയിൽ പറഞ്ഞു. പക്ഷേ, പഴയ ഗവൺമെന്റ് പോകുമ്പോൾ 400 കോടി രൂപയുടെ കുടിശ്ശിക ബിൽ കൊടുത്തുതീർക്കാനുണ്ടായിരുന്നു. അതു കൊണ്ട് പഴയകാലത്തെ ഒരു മാതൃകയായിട്ട് എടുക്കണം; മുഴുവനും കൊടുത്തുതീർത്തു, അങ്ങനെ പാടിപ്പുകഴ്ത്തണ്ട. 400 കോടി രൂപയുടെ അരിയർ ബിൽ കൊടുത്തു തീർക്കാനുണ്ടായിരുന്നു. കൂടാതെ 5000 കോടി രൂപയുടെ എ.എസ്.-ഉം കൂടി കൊടുത്തിട്ടാണ് പോയത്. അതിന്റെ ഭാരംകൂടി ഈ ഗവൺമെന്റിന് ഏറ്റെടുക്കേണ്ടിവന്നു. അപ്പോൾ 5000 കോടി രൂപയുടെ എ.എസ്. കൊടുത്തതിന്റെ ഭാരവും ചുമലിൽ വന്നു, 400 കോടി രൂപയുടെ അധികബിൽ കൊടുക്കാനുള്ള ഭാരവുംകൂടി ഈ ഗവൺമെന്റിന്റെ ചുമലിൽ വന്നു. ഇതൊക്കെ തീർത്തിട്ടാണ് ഇവിടെ നിൽക്കുന്നത്. കൂടാതെ പുതിയ വർക്കുകൾക്കെല്ലാം ഇപ്പോൾ കൊടുക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇത്രയും അറിഞ്ഞിരുന്നെങ്കിൽ ഇത് കൊണ്ടുവരില്ലായിരുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ് വേണ്ടത്. ഇത്രയൊക്കെ ബുദ്ധിമുട്ടുകൾക്കിടയിലും ഇത്രയും നല്ല രീതിയിൽ പ്രവർത്തിച്ച ഗവൺമെന്റിനെ അനുമോദിക്കുകയാണ് വേണ്ടത് എന്നുമാത്രം പറഞ്ഞുകൊണ്ട് നിർത്തുകയാണ്.

ശ്രീ. എ. കെ ശശീന്ദ്രൻ : സർ, ഇത്രയൊക്കെ പറഞ്ഞിട്ടും എനിക്കൊന്നും തന്നില്ല. ഇത്രയും കൊടുത്തു എന്നുപറഞ്ഞാലും എന്റെ അനുഭവത്തിൽ എനിക്കൊന്നും കിട്ടിയിട്ടില്ല. ഈ ആസ്തി വികസന ഫണ്ട് അല്ലാതെ ഒരു കാര്യവും എനിക്ക് കിട്ടിയിട്ടില്ല.

ശ്രീ. കെ. എം. മാണി : ഇത് കൊണ്ടുവരാൻ പ്രേരിപ്പിച്ചത് അതാണെങ്കിൽ തീർച്ചയായിട്ടും ഞാൻ പേഴ്സണലായി നോക്കാം.